പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **2466**

13.02.2013-ൽ മറുപടിക്ക്

## എം. എൻ. ലക്ഷംവീട് പുനരുദ്ധാരണ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. അജിത്; | | ശ്രീ. കെ. എം. മാണി (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇപ്പോൾ പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ച് നൽകുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഏത് പദ്ധതിയാണെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സമൂഹത്തിലെ ഭൂ-ഭവന രഹിതരായ ദുർബല വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് സർക്കാർ സബ്സിഡിയോടുകൂടി ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുന്ന സാഫല്യം ഭവന പദ്ധതിയും നഗരങ്ങളിൽ ജോലിചെയ്തുകൊണ്ട് നഗരാതിർത്തിക്ക് പുറത്ത് താമസിക്കുവാൻ നിർബന്ധിതരാകുകയും ചെയ്യുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പാവപ്പെട്ട തൊഴിലാളികൾക്ക് നഗരത്തിൽ താമസ സൗകര്യം ലഭ്യമാക്കുന്നതിനായി ഫ്ലാറ്റുകൾ നിർമ്മിച്ച് മിതമായ വാടകയ്ക്ക് നൽകുന്ന പദ്ധതിയായ ഇന്നോവേറ്റീവ് ഭവന പദ്ധതിയും ബോർഡ് നടപ്പിലാക്കുന്നുണ്ട്. |
| (ബി) | എം. എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി പ്രകാരം സംസ്ഥാനത്ത് ആകെയും വൈക്കം നിയോജകമണ്ഡലത്തിലും എത്ര വീടുകളുടെ പുനരുദ്ധാരണമാണ് നടത്തുന്നതെന്ന് വിശദമാക്കുമോ; | (ബി) | എം. എൻ. ലക്ഷം വീട്ടു പുനരുദ്ധാരണ പദ്ധതി പ്രകാരം സംസ്ഥാനത്ത് ആകെ 12,619 വീടുകളുടെയും, ഇതിൽ വൈക്കം നിയോജകമണ്ഡലത്തിൽ 132 വീടുകളുടെയും പുനരുദ്ധാരണമാണ് നടത്തുന്നത്. |
| (സി) | ഇതുവരെ പുനരുദ്ധാരണത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (സി) | ഇതുവരെ 53,55,61,812 രൂപ ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | എം. എൻ. ലക്ഷം വീട് പുനരുദ്ധാരണത്തിന് എത്ര രൂപ വീതമാണ് ഗുണഭോക്താക്കൾക്ക് നൽകുന്നത്; വ്യക്തമാക്കാമോ; | (ഡി) | എം. എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതിയിൽ ജനറൽ വിഭാഗത്തിനു 75,000/- രൂപയും, പട്ടികജാതി വിഭാഗത്തിനു 1,00,000/- രൂപയും പട്ടികവർഗ്ഗ വിഭാഗത്തിനു 1,25,000/- രൂപയും ആണ് ഗുണഭോക്താക്കൾക്ക് സർക്കാർ സബ്സിഡി തുകയായി നൽകി വരുന്നത്. |
| (ഇ) | പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നത് ഏത് ഏജൻസി വഴിയാണെന്നും വ്യക്തമാക്കുമോ? | (ഇ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കളെ ശുപാർശ ചെയ്യുന്നമുറയ്ക്ക് ഭവന നിർമ്മാണ ബോർഡ് തുക അനുവദിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യുകയുമാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ